# രക്ഷയുടെ പാതയിൽ



# സഭ : ദൈവത്തിന്റെ ജനം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

8

# ഉള്ളടക്കം

1. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
2. കർത്താവായ ദൈവം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിതജനം
7. സഭ : പങ്കുവെക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

# പാഠം- 14



# സഭ : സാർവത്രികമാണ്

സഭ : സാർവത്രികമാണ്

1. എല്ലായിടത്തും സന്നിഹിതയായിരിക്കുന്ന സഭ
2. എല്ലാ ജനങ്ങളേയും ഉൾക്കൊള്ളുന്ന സഭ
3. എല്ലാ സംസ്കരങ്ങളേയും ഉൾക്കൊള്ളുന്ന സഭ
4. വ്യത്യസ്ത പാരമ്പര്യങ്ങളും  സാർവത്രികതയും
5. സാർവത്രിക സൂനഹദോസുകൾ

## സഭ : സാർവത്രികമാണ്

- സ്വർഗരാജ്യം ഒരുവൻ വയലിൽ പാകിയ കടുകുമണിക്കു സദൃശ്യം. അത് എല്ലാ വിത്തിനെയുംകാൾ ചെറുതാണ്. എന്നാൽ, വളർന്നുകഴിയുമ്പോൾ അതു മറ്റു ചെടികളെക്കാൾ വലുതായി, ആകാശപ്പറവകൾ വന്ന് അതിന്റെ ശിഖരങ്ങിൽ ചേക്കേറാൻ തക്കവിധം മരമായിത്തീരുന്നു.

സഭ : സാർവത്രികമാണ്

## എല്ലായിടത്തും സന്നിഹിതയായിരിക്കുന്ന സഭ

- സഭയുടെ സാർവത്രികതയുടെ അടിസ്ഥാനം ലോകത്തിൽ എല്ലായിടത്തും സന്നിഹിതയായിക്കൊണ്ട് അവൾ എല്ലാവർക്കും രക്ഷയുടെ മാർഗ്ഗമായിത്തീരുന്നു എന്നതിലാണ്

സഭ : സാർവത്രികമാണ്

## എല്ലാ ജനങ്ങളേയും ഉൾക്കൊള്ളുന്ന സഭ

- ജനതകളുടെ പിതാവായി അബ്രാഹത്തെ ദൈവം വിളിച്ചത് മനുഷ്യവർഗത്തെ മുഴുവൻ മുൻപിൽകണ്ടു കൊണ്ടാണ്.
- അബ്രാഹത്തിന്റെ വിളിയിലൂടെ ദൈവം ഇസ്രായേൽ ജനയെ രൂപീകരിച്ചു.
- ഈ തെരഞ്ഞെടുപ്പിന്റെയും രൂപീകരണത്തിന്റെയും ലക്ഷ്യം മനുഷ്യവർഗത്തിന്റെ മുഴുവൻ രക്ഷയായിരുന്നു.
- സർവജനപദങ്ങൾക്കും വേണ്ടിയുള്ള സ്ദവാർത്തയായും ലോകം മുഴുവന്റെയും രക്ഷകനായിട്ടുമാണ് ഈശോ പിറന്നത്.

സഭ : സാർവത്രികമാണ്

# എല്ലാ സംസ്കരങ്ങളേയും ഉൾക്കൊള്ളുന്ന സഭ

- ലോകത്തെ മുഴുവൻ രക്ഷയിലേയ്ക്കാനയിക്കാൻ നിയുക്തയാണു സഭ.
- ജാതി മത വർഗ വർണ ഭേദം കൂടാതെ എല്ലാവരിലേക്കും കടന്നുചെല്ലാനും എല്ലാവരെയും രക്ഷയിലേക്ക് ആനയിക്കാനും എല്ലാ സംസ്കരങ്ങളെയും ഉൾക്കൊള്ളാനും വിശുദ്ധീകരിക്കാനും അവൾ കടപ്പെട്ടിരിക്കുന്നു
- സഭ സാർവത്രികമാണ്. കാരണം ആചാരങ്ങളിലും രീതികളിലും അനേകം വൈവിധ്യങ്ങളുള്ളവരും പലഭാഷകൾ ഉപയോഗിക്കുന്നവരുമായ അനേകം ജനസമൂഹങ്ങളെ അവൾ ഏകമായ രക്ഷയുടെ വിശ്വാസത്തിലേയ്ക്കും ദൈവത്തെക്കുറിച്ചുള്ള അറിവിലേയ്ക്കും ഒരുമിച്ചുകൂട്ടി ഒന്നാക്കിത്തീർക്കുന്നു

സഭ : സാർവത്രികമാണ്

## വ്യത്യസ്ത പാരമ്പര്യങ്ങളും  സാർവത്രികതയും

- സഭയിൽ പൗരസ്ത്യപാരമ്പര്യവുമുണ്ട് ലത്തീൻ പാരമ്പ്യവുമുണ്ട്.
- സഭയുടെ കാതോലികത്വത്തിന്റെ പൂർണമായ പ്രകാശനം ഒരു പാരമ്പര്യത്തിൽക്കൂടെ മാത്രമല്ല.


# സാർവത്രിക സൂനഹദോസുകൾ

സഭ : സാർവത്രികമാണ്

- സഭയുടെ ഐക്യവും സാർവത്രികതയും പ്രകടമാകുന്ന സർവ പ്രധാനമായ വേദികളാണ് സാർവത്രിക സൂനഹദോസുകൾ.
- സഭയുടെ വിശ്വാസരഹസ്യങ്ങളെ വിശ്വാസികൾക്ക് ശരിയായ രീതിയിൽ വ്യാഖ്യാനിച്ചു കൊടുക്കുന്നതിനും സഭാനവീകരണം സാധിക്കുന്നതിനും അതാതു കാലങ്ങളിൽ സഭയിലുണ്ടാകുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനുമാണ് സാർവത്രിക സൂനഹദോസുകൾ കൂടുന്നത്.
- സകലജനപദങ്ങൾക്കും വേണ്ടിയുള്ള രക്ഷയുടെ അടയാളമാണ് സഭ

# എന്റെ തീരുമാനം

എല്ലാ ജനപദങ്ങളേയും
സുവിശേഷം അറിയിച്ച
ശ്ലീഹന്മാരെപ്പോലെ
ഞാനും എന്റെ
ജീവിതസാഹചര്യങ്ങളിൽ
ഈശോയുടെ
സുവിശേഷം അറിയിക്കും


ഓർമ്മിക്കാൻ ഒരു
തിരുവചനം
പാപമോചനത്തിനുള്ള
അനുതാപം അവന്റെ
നാമത്തിൽ ജറുസലേമിൽ
ആരംഭിച്ച് എല്ലാ
ജനതകളോടും
പ്രഘോഷിക്കപ്പെടേണ്ടിയിരി
ക്കുന്നു

## നമുക്കു പ്രാർത്ഥിക്കാം

ജനപദങ്ങളുടെ കർത്താവും സകലത്തിന്റെയും നാഥനുമായ മിശിഹായേ, സമസ്ത ലോകത്തേയും അങ്ങയുടെ സുവിശേഷദീപ്തിയാൽ പ്രകാശിപ്പിക്കണമേ.



